# “വാറ്റ് സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ സമർപ്പിച്ചോ?”

വാറ്റ് നിയമപ്രകാരം 2011-12 സാമ്പത്തിക വർഷം മുതലുള്ള നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയാണ്. നിയമാനുസൃതം ഫയൽ ചെയ്യേണ്ട പല സ്റ്റാറ്റ്യൂട്ടറി ഫോറങ്ങളും അഞ്ചുവർഷമായിട്ടും ഫയൽ ചെയ്യാത്ത അനേകം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങിനെയുള്ളവർക്ക് ആയത് ഫയൽ ചെയ്യുന്നതിന് ഒരവസരം കൂടി നൽകുകയാണ്. വ്യാപാരികൾക്ക് നിയമാനുസൃതം കിട്ടേണ്ട നികുതി ഒഴിവും കിഴിവും യഥാസമയം ലഭ്യമാകുന്നതിനും വ്യവഹാരങ്ങൾ പരമാവധി ഒഴിവാക്കുന്നതിനും വാറ്റ് നിയമം വകുപ്പ് 20, 40, 42 ചട്ടം 10, 34, 58, 60 എന്നിവപ്രകാരം അവരവർക്ക് ബാധകമായ സ്റ്റാറ്റ്യൂട്ടറി ഫോറങ്ങളും അനുബന്ധ രേഖകളും എത്രയും പെട്ടെന്ന് സമർപ്പിക്കേണ്ടതാണ്.

**വാറ്റ് നിയമപ്രകാരം സമർപ്പിക്കേണ്ട സ്റ്റാറ്റ്യൂട്ടറി ഫോറങ്ങളും അനുബന്ധ രേഖകളും ഇവയാണ്.**

- വാർഷിക റിട്ടേൺ
- ട്രേഡിംഗ്, പ്രോഫിറ്റ് & ലോസ് അക്കൗണ്ട്സ്
- മാനുഫാക്ച്ചറിംഗ് അക്കൗണ്ട്, പ്രോഫിറ്റ് & ലോസ് അക്കൗണ്ട്സ്, ബാലൻസ് ഷീറ്റ്
- ടാക്സ് ആഡിറ്റ് റിപ്പോർട്ട് (ഫോറം-13, 13 എ)
- ക്ലോസ്സിംഗ് സ്റ്റോക്ക് (ഫോറം 53)
- വാങ്ങൽ വിവരങ്ങളുടെ സംഗ്രഹം.
- സബ് കോൺട്രാക്ട് നൽകിയിട്ടുണ്ടെങ്കിൽ - ഫോറം 20 എച്ച്
- സെസ്സ് യൂണിറ്റിലേയ്ക്കുള്ള നികുതി ഒഴിവിനുള്ള ഫോറം 43
- ടിഡിഎസ് ക്രഡിറ്റ് എടുത്തിട്ടുണ്ടെങ്കിൽ ഫോറം 20 എഫ്
- ടിഡിഎസ് ഈടാക്കാത്ത സബ് കോൺട്രാക്ടർമാർക്ക് പണം നൽകിയിട്ടുണ്ടെങ്കിൽ ഫോറം - 20 ഇ
- ടിഡിഎസ് അടച്ചതിന്റെ വിവരങ്ങൾ
- ബിൽഡർമാർ നൽകാനുള്ള ഫോറം 49
- വർക്സ് കോൺട്രാക്ട് സംബന്ധമായ വർക്ക് ഓർഡർ / കരാർ/ബിൽ
- അവാർഡർ സ്റ്റേറ്റ്മെന്റ് (ഫോറം 20 സി)

* കൂടാതെ കേന്ദ്ര വില്പനനികുതി നിയമപ്രകാരം നികുതി ഇളവോ കിഴിവോ അവകാശപ്പെടുന്നവർ സി ഫോം, എഫ് ഫോം എന്നിവയും സമർപ്പിക്കേണ്ടതാണ്.

** ഇവ കൂടാതെ അനിവാര്യമായ മറ്റു രേഖകളും സമർപ്പിക്കേണ്ടതാണ്

ഒപ്പ്
**പ്രിൻസിപ്പൽ സെക്രട്ടറി & കമ്മീഷണർ**
ചരക്ക് സേവന നികുതി വകുപ്പ്

കേരള സർക്കാർ

**സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, കേരളം**

വിവര-പൊതുജന സമ്പർക്ക വകുപ്പ്